(ബി) പെരുന്തേനരുവിയിൽ കോട്ടേജുകൾ, ഫെസിലിറ്റേഷൻ സെന്റർ, ടോയ്‌ലറ്റ്, റസ്റ്റോറന്റ് തുടങ്ങിയവ ഉൾപ്പെടുന്ന ഒരു വൻപദ്ധതിയാണ് ലക്ഷ്യമിട്ടിരുന്നത്. പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ ഒന്നും രണ്ടും ഘട്ടത്തിലായി 4 കോട്ടേജുകൾ, ഫെസിലിറ്റേഷൻ സെന്റർ, ലൈറ്റിംഗ്, പാർക്കിംഗ്, സ്നാക്ക്സ്ബാർ, പവലിയൻ, ലാന്റ് സ്കേപ്പിംഗ് എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച് 19-8-2014-ൽ പെരുന്തേനരുവിയിൽ വിളിച്ചു ചേർത്ത യോഗത്തിൽ അനുവദിച്ച തുകയിൽ നിലിവിൽ പുരോഗമിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സിഡ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മണിയാർ ടൂറിസം പദ്ധതിക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. മണിയാർ ടൂറിസം പദ്ധതിയിൽ ഒന്നാം ഘട്ടമായി പാർക്കിന്റെ നവീകരണം, ലാന്റ് സ്കേപ്പ്, ടോയ്‌ലറ്റ് ബ്ലോക്ക്, പവലിയൻ എന്നിവ ഉൾപ്പെട്ടിരുന്നു. ഇതിൽ വൈദ്യുത-ജല സംവിധാനങ്ങൾ പെയിന്റിംഗ് എന്നിവയാണ് പൂർത്തീകരിക്കാനുള്ളത്.

പദ്ധതി പ്രദേശത്തെ പാറ പൊട്ടിച്ച് നീക്കം ചെയ്യാനുള്ള അനുമതി ലഭിക്കാൻ കാലതാമസം നേരിട്ടതിനാലാണ് പദ്ധതി നടത്തിപ്പിന് കാലതാമസം ഉണ്ടായിട്ടുള്ളത്.

(സി) പെരുന്തേനരുവി, മണിയാർ ടൂറിസം പദ്ധതികളുടെ പൂർത്തീകരണത്തിനായി പദ്ധതികളുടെ അടുത്ത ഘട്ടം പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ടൂറിസം വകുപ്പിന്റെ എംപാനൽഡ് ഏജൻസിയായ കുമാർ ഗ്രൂപ്പ്, കൊച്ചി; പി. സി. റഷീദ് അസോസിയേറ്റ്, കോഴിക്കോട് എന്നിവരെ യഥാക്രമം ചുമതലപ്പെടുത്തിയിട്ടുണ്ട്.

ടി.ആർ.കെ.എൽ.-ഉം ടാറ്റാ ഗ്രൂപ്പും സംയുക്ത സംരംഭത്തിലാരംഭിച്ച ഹോട്ടലുകളുടെ പ്രവർത്തനം

291 (4578) ശ്രീ. എളമരം കരീം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി.യുടെ ഉപകമ്പനിയായിരുന്ന ടി.ആർ.കെ.എൽ.-ഉം ടാറ്റാ ഗ്രൂപ്പും സംയുക്ത സംരംഭത്തിലാരംഭിച്ച സംസ്ഥാനത്തെ ഹോട്ടലുകൾ ഏതൊക്കെയാണ്, എന്തെല്ലാം വ്യവസ്ഥകളോടുകൂടിയാണ് അവ സ്ഥാപിക്കപ്പെട്ടത്, അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടാറ്റാ ഗ്രൂപ്പ് വ്യവസ്ഥകൾ ലംഘിച്ചെന്നും അതിനാൽ പാട്ടകരാർ റദ്ദു ചെയ്ത് ഹോട്ടലുകൾ കെ.ടി.ഡി.സി. ഏറ്റെടുത്ത് നേരിട്ട് നടത്തണമെന്നുള്ള ജിവനക്കാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് അറിയിക്കാമോ;

(സി) സർക്കാരിന്റെ എത്ര ഏക്കർ വീതം ഭൂമിയിലാണ് ഓരോ സംരംഭങ്ങളും ആരംഭിച്ചിരുന്നത്; ഭൂമി എത്ര വർഷത്തേയ്ക്കാണ് സംയുക്ത സംരംഭത്തിനായി നൽകിയിരുന്നത്; ലാഭവിഹിതം കൃത്യമായി ലഭിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ഡയറക്ടർ ബോർഡിലുള്ളവർ ആരൊക്കെയാണ്; സംസ്ഥാനത്തിന്റെ താല്പര്യം ബോർഡിൽ സ്ഥാപിച്ചെടുക്കുന്നതിൽ പരാജയപ്പെടുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ?

ഉത്തരം

(എ) കൊച്ചിയിൽ പ്രവർത്തിച്ചുവരുന്ന 'ദി ഗെയ്റ്റ് വേ ഹോട്ടൽ', കുമരകത്തുള്ള 'വിവാന്റ ബൈ താജ്', വർക്കലയിലെ 'ദി ഗെയ്റ്റ് വേ ഹോട്ടൽ' എന്നിവയാണ് സംയുക്ത സംരംഭത്തിൽ ആരംഭിച്ച ഹോട്ടലുകൾ. ഹോട്ടലുകൾ സ്ഥാപിക്കുന്നതിനായി ഇന്ത്യൻ ഹോട്ടൽ കമ്പനിയും (IHCL) ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് (TRKL) ഉം (പുനർനാമകരണത്തിനു ശേഷം കേരള ടൂറിസ്റ്റ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KTIL) സംയുക്തമായി താജ് കേരള ഹോട്ടൽസ് ആന്റ് റിസോർട്ട്സ് ലിമിറ്റഡ് (TKHRL) എന്ന പേരിൽ ഒരു സംയുക്ത സംരംഭം ആരംഭിക്കുക, പബ്ലിക് ഇഷ്യൂ നടത്തുന്നത് വരെ TRKL-ന്റെ ഉടമസ്ഥതയിലുള്ള ഓഹരികളുടെ എണ്ണത്തിന്റെ ഇരട്ടി എണ്ണം ഓഹരികൾ IHCL-ന്റെ ഉടമസ്ഥതയിൽ എന്ന അനുപാതം നിലനിർത്തുക, ലഭ്യമാക്കുന്ന ഭൂമിയുടെ വിലനിർണ്ണയം ജില്ലാ കളക്ടറും കെട്ടിടത്തിന്റെ വിലനിർണ്ണയും ഒരു അംഗീകൃത വാല്യൂവർ വഴിയും നടത്തുക, ലഭ്യമാക്കുന്ന ആസ്തികളുടെ മൂല്യത്തിന്റെ 8% വാർഷിക ലീസ് ആയി നൽകുക, 10 വർഷം കൂടുമ്പോൾ ലീസ് തുകയിൽ പരമാവധി 40% വരെ വർദ്ധിപ്പിക്കുക മുതലായവയാണ് ഈ സംരംഭങ്ങൾ സ്ഥാപിക്കപ്പെടുമ്പോൾ ഉള്ള പ്രധാന വ്യവസ്ഥകൾ. പ്രസ്തുത വ്യവസ്ഥകൾ പാലിച്ചുവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എറണാകുളം (0.938 ഏക്കർ), കുമരകം (13.64 ഏക്കർ), വർക്കല (1.56 ഏക്കർ) ഭൂമികളിലായാണ് പ്രസ്തുത ഹോട്ടൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളത്. 30 വർഷത്തേയ്ക്കാണ് ഭൂമി സംയുക്ത സംരംഭത്തിനായി ലഭ്യമാക്കിയിരിക്കുന്നത്. ലാഭവിഹിതം കൃത്യമായി ലഭിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാരിനെ പ്രതിനിധീകരിച്ച് ധനകാര്യ വകുപ്പിൽനിന്നും ധനകാര്യ വകുപ്പ് (എക്സ്പെൻഡിച്ചർ) സെക്രട്ടറി ശ്രീ. രാജേഷ് കുമാർ സിൻഹ, ടൂറിസം വകുപ്പ് മുൻ ഡയറക്ടർ ശ്രീ. ഹരികിഷോർ എസ്., കെ.റ്റി.ഐ.എൽ. മാനേജിംഗ് ഡയറക്ടർ ശ്രീ. അനിൽ കുമാർ എസ്. എന്നിവരാണ് ഇപ്പോൾ ബോർഡിൽ ഉള്ളത്. ഇങ്ങനെയൊരു ആക്ഷേപം ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കാലടി - മലയാറ്റൂർ - അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ

292(4579) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് 44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയ കാലടി - മലയാറ്റൂർ - അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ?

(ബി) ഇത് എന്നത്തേയ്ക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി കോമ്പറ്റിറ്റീവ് ബിഡ്ഡിംഗിലൂടെ തിരുവനന്തപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ജിറ്റ്പാക് ഇന്റർനാഷണൽ എന്ന ഏജൻസിയെ തെരഞ്ഞെടുത്ത് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 6 മാസ കാലാവധി നിശ്ചയിച്ചുകൊണ്ട് 2014 ഒക്ടോബർ മാസം 21-ാം തീയതിയാണ് കൺസൾട്ടന്റുമായി എഗ്രിമെന്റ് ഒപ്പുവച്ചിട്ടുള്ളത്.

ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതി

293 (4580) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly